**രാഷ്ട്രപതിയുടെ നമീബിയ സന്ദർശനം ( ജൂൺ 15-17,2016)**

ജൂൺ 07, 2016

ആദരണീയനായ രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജി ജൂൺ 15 മുതൽ 17 വരെ നീണ്ടു നിൽക്കുന്ന നമീബിയൻ ഔദ്യോഗിക സന്ദർശനം നടത്തും. റിപ്പബ്ലിക് ഓഫ് നമീബിയയുടെ പ്രസിഡണ്ട് ഹിസ് എക്സലൻസി ഡോ. ഹേഗ് ഗോട്ട് ഫ്രൈഡ് ഗെയ്നോബിന്റെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം.
പോയ രണ്ടു ശതകത്തിനുള്ളിൽ
ഇന്ത്യൻ രാഷ്ട്രപതി നടത്തുന്ന ആദ്യ ഉന്നതതല സന്ദർശനം ആണിത്.
ഉഭയകക്ഷി ഇടപാടുകൾ ശക്തിപ്പെടുത്തുന്നതിന് പുറമേ ഐഎ എഫ് എസ്- ||| കഴിഞ്ഞ് ഇന്ത്യ - ആഫ്രിക്ക ബന്ധങ്ങൾ കൂടുതൽ വേഗത്തിൽ ആക്കുവാൻ സഹായിക്കും
രാഷ്ട്രപതിയുടെ ത്രി രാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായിട്ടാണ് നമീബിയ സന്ദർശനം. ഘാനയിൽ ആരംഭിച്ച് കോട് ഡി വോറിൽ പിന്നെ നമീബിയ.
ഇന്ത്യയുടെ രാഷ്ട്രപതിയെ സഹമന്ത്രി,നാല് പാർലമെന്റ് അംഗങ്ങൾ, ഉന്നത ഉദ്യോഗസ്ഥർ, വ്യാപാര മാധ്യമ പ്രതിനിധികൾ എന്നിവരും അനുഗമിക്കുന്നുണ്ട്

സന്ദർശനത്തോട് അനുബന്ധിച്ച് ഉഭയകക്ഷി, പരസ്പരം താത്പര്യമുള്ള മേഖലാ, ബഹുമുഖ വിഷയങ്ങൾ ചർച്ച ചെയ്യും.നമീബിയ പാർലമെന്റിന്റെ സംയുക്ത സമ്മേളനം, അതോടൊപ്പം ഇന്ത്യ - നമീബിയ വ്യാപാര ചടങ്ങ്, നമീബിയൻ ശാസ്ത്ര സാങ്കേതിക സർവകലാശാല ചടങ്ങ് എന്നിവയെ രാഷ്ട്രപതി അഭിസംബോധന ചെയ്യും.
ഇന്ത്യയും നമീബിയയും ദീർഘകാലമായി കാലത്തെ അതിജീവിക്കുന്ന വിശിഷ്ടമായ ബന്ധങ്ങൾ ആണ് ആസ്വദിക്കുന്നത്, അത് നമീബിയയുടെ സ്വാതന്ത്ര്യത്തെ
സഹായിച്ചിട്ടുണ്ട്. ആയിരത്തിൽ അധികം നമീബിയക്കാർ ഐടി ഇ സി പദ്ധതിയുടെ കീഴിൽ പരിശീലനം നേടിയിട്ടുണ്ട്.

ഗവൺമെൻറിൽ നിന്നും സ്വകാര്യ മേഖലയിൽ നിന്നും നിരവധി വിദഗ്ധർ ഇന്ത്യയിൽ നിന്നും രാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധി കാലം മുതൽ നയരൂപീകരണത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇരു രാജ്യങ്ങൾക്കും ഇടയിൽ ഇപ്പോൾ നിലവിലുള്ള വ്യാപാരത്തിന്റെ അളവ് ചെറുതാണ്. എന്നിരുന്നാലും വ്യാപാര, സാമ്പത്തിക ബന്ധങ്ങൾ വർധിപ്പിക്കുവാനുള്ള സാധ്യതകൾ ധാരാളമുണ്ട്.
ആദരണീയനായ രാഷ്ട്രപതി ജൂൺ 17, 2016 ന് തന്റെ ത്രി-രാഷ്ട്ര സന്ദർശനം പൂർത്തിയാക്കി ഇന്ത്യയിലേക്ക് മടങ്ങും.

**ന്യൂ ഡെൽഹി**
**ജൂൺ 7, 2016**